പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5465 25.10. 2011-ൽ മറുപടിക്കുള്ളത്

## കേരള ഭൂപരിഷ്ക്കരണ ചട്ടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |

(എ) കേരള ഭൂപരിഷ്ക്കരണ (സീലിംഗ്) ചട്ടങ്ങൾ പ്രകാരം പതിച്ചു കിട്ടിയ ഭൂമി കൈമാറ്റം ചെയ്യുന്നതിനായി നിലവിലെ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(എ) യും (ബി) യും 1970-ലെ കേരള ഭൂപരിഷ്ക്കരണ (സീലിംഗ്) ചട്ടങ്ങളിലെ 29(1) റൂൾ പ്രകാരം; കേരള ഭൂപരിഷ്ക്കരണ നിയമത്തിലെ (ആക്ട് -1/1964) സെക്ഷൻ 96 പ്രകാരം പതിച്ചു കിട്ടുന്ന ഭൂമി 12 വർഷത്തേക്ക് കൈമാറ്റം ചെയ്യപ്പെടാൻ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. എന്നാൽ 11.3.2009-ലെ ജി.ഒ.(പി) 129/2009 റവന്യൂ നമ്പർ സർക്കാർ ഉത്തരവ് (എസ്. ആർ ഒ. നം.-349/09) പ്രകാരം മിച്ചഭൂമി പതിവുകളുടെ കൈമാറ്റ കാലയളവ് 12 വർഷത്തിൽ നിന്നും 20 വർഷമാക്കി ഉയർത്തിയിട്ടുള്ളതാണ്. 11.3.2009-ന് മുമ്പുള്ള മിച്ചഭൂമി പതിവുകളുടെ കൈമാറ്റ കാലയളവ് 12 വർഷമായി തുടരുന്നതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) മിച്ചഭൂമി പതിവുകളുടെ കൈമാറ്റ കാലയളവ് നിലവിൽ എത്ര വർഷമായാണ് നിശ്ചയിച്ചിരിക്കുന്നത്; കൈമാറ്റം ചെയ്യാനുള്ള കാലാവധി ദീർഘിപ്പിക്കുന്ന കാര്യത്തിൽ സർക്കാർ എന്തു തീരുമാനമാണ് സ്വീകരിച്ചതെന്ന് വ്യകതമാക്കാമോ;

(സി) മിച്ചഭൂമിയായി ലഭിച്ച ഭൂമി കൈമാറ്റ നിരോധന കാലയളവിൽ നടന്ന കൈമാറ്റങ്ങൾ സാധൂകരിക്കുവാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) കൈമാറ്റ നിരോധന കാലയളവിൽ നടന്ന കൈമാറ്റങ്ങൾ സാധൂകരിക്കുന്നതിന് കേരളഭൂപരിഷ്കരണ നിയമം ചട്ടം29(1) അനുസരിച്ച് സർക്കാരിനുണ്ടായിരുന്ന വിവേചനാധികാരം G.O.(P) No. 129/2009/RD Dated, Thiruvananthapuram 11.3.2009. പ്രകാരം റദ്ദ് ചെയ്തിട്ടുള്ളതാണ്. പ്രസ്തുത വിവേചനാധികാരം പുന:സ്ഥാപിക്കപ്പെട്ടിട്ടില്ല.

(ഡി) മിച്ചഭൂമി കൈമാറ്റങ്ങൾ സാധൂകരിക്കുന്നതിനായി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എത്ര പേരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ആരെല്ലാം; വിശദാംശം ലഭ്യമാക്കാമോ;

(ഡി) മിച്ചഭൂമി കൈമാറ്റങ്ങൾ സാധൂകരിക്കുന്നതിനായി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ 6 പേരുടെ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഒറ്റപ്പാലം താലൂക്ക് കരിമ്പുഴ 1 വില്ലേജിൽ സർവ്വെ നമ്പർ 20/2-ൽപെട്ടതും ശ്രീമതി. ശ്രീദേവി അന്തർജ്ജനത്തിൽ നിന്നും ഏറ്റെടുത്തതുമായ മിച്ചഭൂമി ജില്ലാ കളക്ടറുടെ എൽ.ആർ. 6-63484/78 നമ്പർ ഉത്തരവ് പ്രകാരം 31.7.78ന് പതിച്ചു നൽകിയിരുന്നു എന്നാൽ നിശ്ചിത കാലയളവ് (12വർഷം) പൂർത്തിയാ - വുന്നതിന് മുമ്പേ തന്നെ വാങ്ങിയ കക്ഷികൾ സാധൂകരണത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പിച്ച- വരുടെ വിശദാംശം അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

(ഇ) പ്രസ്തുത കൈമാറ്റങ്ങൾ സാധൂകരണം നടത്തി ഭൂനികുതി ഉൾപ്പെടെയുള്ളവ സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

(ഇ) പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

### അനുബന്ധം-1

| ക്രമ നമ്പർ | സാധൂകരണത്തിനായി അപേക്ഷ സമർപ്പിച്ചയാൾ | മിച്ചഭൂമി പതിച്ചു കിട്ടിയ ആൾ | വിസ്തീർണ്ണം | വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | പി.കുട്ടൻ, പൊരുപ്പുകല്ലിൽ, ആറ്റാശ്ശേരി, ശ്രീകൃഷ്ണപുരം. | കുട്ടിപ്പറയൻ | 90 സെന്റ് | മണ്ണാർക്കാട് സബ് രജിസ്ട്രാർ ഓഫീസിലെ 4268/78 നമ്പർ ആധാര പ്രകാരം. |
| 2 | പി.പി.അലവി പറമ്പിൽ പീടിക, ആറ്റാശ്ശേരി, ശ്രീകൃഷ്ണപുരം. | ആലിക്കൽ കുഞ്ഞുക്കുട്ടൻ മകൻ നാരായണൻ | 90 സെന്റ് | ശ്രീമതി. കാർത്യായനി എന്നവരിൽ നിന്നും മണ്ണാർക്കാട് എസ്.ആർ.ഒ.-യിലെ 2197/92 പ്രകാരം. |
| 3 | മമ്മദ് S/o മുഹമ്മദ്, പറമ്പിൽ പീടിക, ആറ്റാശ്ശേരി, ശ്രീകൃഷ്ണപുരം. | ഹംസ | 87 3/4 സെന്റ് | ശ്രീ. മൊയ്തുട്ടിയിൽ നിന്നും മണ്ണാർക്കാട് സബ് രജിസ്ട്രാർ ഓഫീസിലെ 1322/94 നമ്പർ ആധാര പ്രകാരം |
| 4 | എ.രവീന്ദ്രൻ, അരിപ്പോക്കിൽ, ആറ്റാശ്ശേരി, ശ്രീകൃഷ്ണപുരം. | രാമൻ | 90 സെന്റ് | മണ്ണാർക്കാട് സബ്രജിസ്ട്രാർ ഓഫീസിലെ 4102/80 നമ്പർ ആധാര പ്രകാരം |
| 5 | പി. ടി.ചേക്കുണ്ണി, പനക്കാത്തോട്ടത്തിൽ, ആറ്റാശ്ശേരി, ശ്രീകൃഷ്ണപുരം. | കോരത്ത് മൊയ്തുപ്പ മകൻ മുഹമ്മദി | 1 ഏക്കർ | മണ്ണാർക്കാട് സബ്രജിസ്ട്രാർ ഓഫീസിലെ 773/80 നമ്പർ ആധാര പ്രകാരം |
| 6 | പി.ടി. കാസിം പനക്കാത്തോട്ടത്തിൽ ആറ്റാശ്ശേരി, ശ്രീകൃഷ്ണപുരം. | ചാത്തൻ മകൻ കാളി | 85 സെന്റ് | മണ്ണാർക്കാട് സബ്രജിസ്ട്രാർ ഓഫീസിലെ 427/80 നമ്പർ ആധാര പ്രകാരം |